ലേഖനം നമ്പർ - 14

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## ധൂപക്കുറ്റി വാഴ്വ്:

**വി.** കുർബ്ബാനയുടെ പരസ്യമായ ഒരുക്ക ശുശ്രൂഷയുടെ അവസാന ഭാഗത്തുള്ള രണ്ടു പ്രധാനപ്പെട്ട കർമ്മങ്ങളാണ് ധൂപക്കുറ്റി വാഴ്ത്തുന്നതും, വിശ്വാസ പ്രമാണ പ്രഖ്യാപനവും.

സർവ്വസൃഷ്ടിക്കും വേണ്ടി നടത്തിയ പാപപരിഹാര പ്രാർത്ഥനയ്ക്കു ശേഷം നടത്തുന്ന പ്രതീകാത്മകമായ (Visible Expression) കർമ്മാനുഷ്ടാനമാണ് ധൂപക്കുറ്റി വാഴ്വ്. ഇവിടെ ത്രിത്വത്തെ വാഴ്ത്തിക്കൊണ്ട്, സ്വർഗ്ഗത്തെയും ഭൂമിയെയും, പാപികളായ നമ്മളെയും ശുദ്ധീകരിക്കുന്ന കർമ്മമാണ് നടത്തുന്നത് (റോമർ 8:2). മനുഷ്യന്റെ പാപം കാരണം മനുഷ്യൻ ശുദ്ധീകരിക്കപ്പെടേണ്ടിയിരിക്കുന്നു. പട്ടക്കാരൻ തെക്കോട്ടും ധൂപക്കുറ്റി ഉയർത്തി പിടിച്ചുകൊണ്ട് ശുശ്രൂഷകൻ വടക്കോട്ടും തിരിഞ്ഞു നിൽക്കുന്നു. ധൂപക്കുറ്റിയിലെ ഒരു ചങ്ങലയിൽ ഇടത്തു കൈകൊണ്ട് പിടിച്ച്, പട്ടക്കാരൻ പരിശുദ്ധനായ പിതാവ് പരിശുദ്ധൻ എന്നും, നടുച്ചങ്ങല ഉൾപ്പെടെ രണ്ടു ചങ്ങലകൾ ഒന്നിച്ച് പിടിച്ച് (പുത്രൻ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമാണെന്നുള്ളതിന്റെ പ്രതീകമായി) പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ എന്നും, നാലാമത്തെ ചങ്ങലയും ചേർത്തുപിടിച്ച് ജീവൻ ഇവനും പരിശുദ്ധനുമായ റൂഹാ പരിശുദ്ധൻ...... കരുണ ചെയ്യുകയും, ചെയ്യുന്നവനുമാകുന്നു എന്നും ചൊല്ലിക്കൊണ്ട് ധൂപക്കുറ്റി വാഴ്ത്തി ശുശ്രൂഷക്കാരനിൽ നിന്നു വാങ്ങി പട്ടക്കാരൻ മദ്ബഹായിലുള്ളവരുടെയും, പടിഞ്ഞാറോട്ട് തിരിഞ്ഞ് എല്ലാ വിശ്വാസികളുടെയും നേരെയും ധൂപം വീശി ത്രോണോസിന്റെ മുമ്പിൽ വന്നു നിൽക്കുന്നു.

പട്ടക്കാരൻ ധൂപാർപ്പണം നടത്തിയ ശേഷം ധൂപക്കുറ്റി ശുശ്രൂഷകനെ ഏൽപ്പിക്കുകയും ശുശ്രൂഷകൻ മദ്ബഹാ മുതൽ താഴെവരെ ധൂപം അർപ്പിക്കുകയും ചെയ്യുന്നു (ധൂപക്കുറ്റി വാഴ്ത്തുമ്പോൾ നാമുംകൂടി ശുദ്ധീകരണം പ്രാപിക്കുകയാണ്). പരിശുദ്ധാത്മാവാകുന്ന അഗ്നി, കരിപോലുള്ള നമ്മുടെ പാപമയമായ ഹൃദയത്തെ ജ്വലിപ്പിക്കുന്നതിനുള്ള അപേക്ഷയായി ഇവിടെ ധ്യാനിക്കേണ്ടതാണ്. ഈ സമയം മുതൽ അവിശ്വാസികൾ വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. പുരോഹിതൻ, ജനം മുഴുവൻ കാണുംവിധം വിരലുകളുടെ അഗ്രം കഴുകുന്നു. ബലിയർപ്പണത്തിനു മുമ്പുള്ള ശുദ്ധീകരണത്തിന്റെ കൂടി പ്രതീകമാണിത് (ജനം മുഴുവൻ തങ്ങളുടെ മനസ്സാക്ഷിയെ കഴുകണമെന്നുകൂടി സൂചിപ്പിക്കുന്നതാണ് ഈ കർമ്മം).
തുടർന്ന് ഒരു ശുശ്രൂഷക്കാരൻ ബാറെക്മോർ, ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട്, നാം എല്ലാവരും നല്ലവണ്ണം നിന്ന് ബഹുമാനപ്പെട്ട പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചൊല്ലണം എന്ന് ഉദ്ഘോഷിക്കുന്നു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനായോഗം

**ന**മ്മുടെ ഇടവകയിൽ നിലവിലുള്ള 3 പ്രാർത്ഥനായോഗങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും, Central Area യിൽ മുടങ്ങിക്കിടന്ന പ്രാർത്ഥനായോഗം സജീവമാക്കുന്നതിനും 18.05.2013-ൽ പള്ളിയിൽ കൂടിയ സംയുക്ത പ്രാർത്ഥനായോഗത്തിൽ തീരുമാനമായി. പ്രാർത്ഥനായോഗത്തിന് പുതിയ ഭാരവാഹികളേയും തിരഞ്ഞെടുത്തു.

***ഭാരവാഹികളുടെ പേരും, ഫോൺ നമ്പറും:-***
1. ശ്രീ. അനിൽ കോശി – കോർഡിനേറ്റർ, 9446546449
2. ശ്രീ. സി. കെ. തോമസ് – ജോ. കോർഡിനേറ്റർ, 9633338973

**സെന്റ് മേരീസ് പ്രാർത്ഥനായോഗം (Central Area)**
1. ശ്രീ. മാത്യു കോശി–9847046209 2. ശ്രീമതി ഡെയ്സി ജോർജ്ജ്– 2373168

**സെന്റ് ഗ്രീഗോറിയോസ് പ്രാർത്ഥനായോഗം (ഇളംകുളം/കടവന്ത്ര)**
1. ശ്രീ. ഡാനിയേൽ ഉമ്മൻ– 9446396033 2. ശ്രീമതി ലിസ്സി പൗലൂസ്– 9446529423

**സെന്റ് തോമസ് പ്രാർത്ഥനായോഗം (നോർത്ത്/പച്ചാളം)**
1. ശ്രീ. ടി.പി. സൈമൺ–9447184865 2. ശ്രീമതി ആനി ജോസ്–9048542488

**സെന്റ് ജോർജ്ജ് പ്രാർത്ഥനായോഗം (കലൂർ)**
1. ശ്രീ. എം. വി. പൗലൂസ്–9447053608 2. ശ്രീമതി എൽസി ജോബ്–9946233222

**കത്തീഡ്രലിൽ ജൂൺ 15 മുതൽ പുതുക്കിയ കുർബ്ബാനസമയം:**
**ഞായറാഴ്ച ഒന്നാം കുർബ്ബാന 6.30 a.m., രണ്ടാം കുർബ്ബാന 8.30 a.m.**

## COCHIN ORTHOPEDIC SOCIETY



President
Dr. Sherry Isaac

Secretary
Dr. Dennis P. Jose



*ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ*

### ഭദ്രാസന മർത്തമറിയം സമാജം

**ന**മ്മുടെ ഇടവകയിൽ നിന്നും കൊച്ചി ഭദ്രാസന മർത്തമറിയം വനിതാ സമാജം ഭാരവാഹികളായി താഴെപ്പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

**ശ്രീമതി അമ്മിണി മാത്യു** – ഭദ്രാസന സെക്രട്ടറി
**ശ്രീമതി സൂസൻ ജോൺ** – ഗ്രൂപ്പ് സെക്രട്ടറി
**മോളി കോശി** – ഹന്ന വൃദ്ധ മന്ദിരം കമ്മറ്റി മെമ്പർ

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :**
Jun. 08 - 6.30 a.m., Jun. 15 - 10.30 a.m., Jun. 22 - 7.00 a .m., Jun. 29 - 10.30 a.m.
**സെമിത്തേരിമുക്ക് ചാപ്പൽ :**
Jun. 15 - 7.30 a.m., Jun. 29 - 7.30 a.m. എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 • ISSUE : 6 JUNE 2014

## പരിശുദ്ധ വലിയബാവാ കാലം ചെയ്തു

**മ**ലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ മെയ് 26 രാത്രി 7.20 ന് പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിൽ കാലം ചെയ്തു. ആശുപത്രിയിൽ നിന്ന് പരുമല പള്ളിയിൽ എത്തിച്ച ഭൗതിക ശരീരം രാത്രിയിൽ പഴയസെമിനാരി ചാപ്പലിൽ കൊണ്ടുവരികയും, 27 ന് രാവിലെ ദേവലോകം അരമന ചാപ്പലിൽ എത്തിക്കുകയും, അവിടെ നിന്ന് ഉച്ചയോടെ പുതുപ്പള്ളി, ഞാലിയാകുഴി, തെങ്ങണ, പായിപ്പാട്, തിരുവല്ല വഴി വലിയബാവായുടെ മാതൃഇടവകയായ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ പൊതുദർശനത്തിനു വച്ചശേഷം പന്തളം അടൂർ വഴി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ എത്തിക്കുകയും ചെയ്തു. കബറടക്ക ശുശ്രൂഷ 28 ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 11 മണിയോടെ ആരംഭിച്ച് 3.30 ന് പര്യവസാനിച്ചു.

**ബാവായെ ഏറ്റവും അടുത്തറിഞ്ഞിരുന്ന അഭി. ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അനുസ്മരണം:**

# മഹാഭാഗ്യവാനായ മാമുനി

**ത്യാ**ഗം ശീലമായവർക്ക് പരിത്യാഗം പുതുമയല്ല. ത്യാഗം സ്ഥാനമാനങ്ങൾക്കു മാത്രമല്ല, അതിന്റെ പരമകോടിയിൽ, ഇച്ഛകളും വാക്കുകളും എല്ലാം പരിത്യജിക്കപ്പെടും. സ്ഥിതപ്രജ്ഞർ ഈ ഗണത്തിൽപ്പെടുന്നവരാണ്. അധികാര-ആദരവുകളുടെ പീഠം കയറുമ്പോൾ അവർക്ക് ഗർവ്വുണ്ടാവില്ല; ചെങ്കോൽ ഉപേക്ഷിക്കുമ്പോൾ നഷ്ടബോധവുമില്ല. എക്കാലത്തും ഇത്തരം യോഗികൾ തുലോം കുറഞ്ഞിരിക്കും. എല്ലാ മമതകളോടും വിട പറയുന്നതാണ് ത്യാഗത്തിന്റെ വഴി. മമത കുറയുമ്പോൾ അത്രകണ്ട് ആന്തരിക സ്വാതന്ത്ര്യം വർദ്ധിക്കും. സ്ഥാനങ്ങളും അധികാരശ്രേണികളും അത്യാകർഷകമായിരിക്കുന്ന സാഹചര്യങ്ങളിൽ ത്യാഗം തന്നെ ത്യജിക്കപ്പെടുന്നതാണ് സ്ഥിതി!



വളരെ ചെറുപ്രായത്തിൽ വീടും നാടും ഉപേക്ഷിച്ച്, സന്യാസാർത്ഥിയായി കാട്ടുപത്തനാപുരത്തെത്തുന്ന രംഗത്താണ് പരിത്യാഗത്തിന്റെ ഉറവ പൊട്ടുന്നത്. ത്യാഗമില്ലാതെ സന്യാസമില്ലല്ലൊ. ഏഴു പതിറ്റാണ്ടുകൾക്കപ്പുറം ശീലിച്ചു തുടങ്ങിയ കഠിന പരിത്യാഗം, ആയുസ്സു മുഴുവൻ നീളുന്ന ഒരു തപഃശ്ചര്യയുടെ അഗാധത്തിലേക്കിറങ്ങുന്നതിന്റെ ചരിത്രമാണ് പിൽക്കാലം. പൂർവ്വാശ്രമത്തിലും നിഴലുകൾക്കു നീളമേറുന്ന സായാഹ്നത്തിലും ഒരു പോലെ, ഒരു തെളിനീർ പ്രവാഹം പോലെ ഇതേ പരിത്യാഗ ശീലം കാണുന്നു.

നിർമമതയും മൗനവും വിനയത്തിലൂന്നിയ നിസ്വാർത്ഥതയും അദ്ദേഹത്തിനെന്നും കൂടെപ്പിറപ്പുകളായിരുന്നു. ഉഗ്രപ്രതാപിയും മഹാതേജസ്വിയുമായിരുന്ന തോമ്മാ മാർ ദീവന്നാസ്യോസ് എന്ന സഭാപ്രതിഭ സന്യാസത്തിന്റെ ഉൾക്കാമ്പു തൊട്ടറിഞ്ഞാസ്വദിച്ച പരിത്യാഗിയായിരുന്നു. ഏറ്റവുമധികം മൂല്യമുള്ള മുത്തുകൾ തേടുന്ന രത്നവ്യാപാരിയെപ്പോലെ, ഉത്തമരായ സന്യാസാർത്ഥികളെ കണ്ടുപിടിക്കാൻ അദ്ദേഹത്തിന് പ്രത്യേക ഒരു വിരുതുതന്നെയുണ്ടായിരുന്നു. അത്തരമൊരു നിരന്തര അന്വേഷണത്തിലെവിടെയോ ആണ് 'മാവേലി'യുടെ നാമധാരിയായ നാട്ടിൽനിന്ന് ഭാവിയിൽ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനാവാൻ വിളി ഉണ്ടായിരുന്ന 'കുഞ്ഞോമ്മാച്ചൻ' എന്ന(സി.ടി. തോമസ്) മുത്തിനെ മഹാനായ മാർ ദീവന്നാസ്യോസ് കണ്ടെത്തി സ്വന്തം ശേഖരത്തിലാക്കിയത്.

മെത്രാൻസ്ഥാനത്തിന്റെ അധികാര-സേവന ചിഹ്നമായ അംശവടി പ്രാപിക്കുമ്പോഴും, പരുമലയിൽ വെച്ച് പരമോന്നത പീഠമായ മലങ്കര കാതോലിക്കാ സ്ഥാനം പ്രാപിക്കുമ്പോഴും ഭാവം ഒന്നുതന്നെയായിരുന്നു. ശാന്തതയും, നിസ്സംഗതയും. ഒന്നിനോടും വിശേഷാൽ മമതയില്ല. ഒരിക്കലും ഒന്നുകൊണ്ടും നിലവിട്ടു പോകയില്ല. Excited ആവുകയില്ല. ആ നിഷ്ഠാലോകത്ത് സൂര്യചന്ദ്രന്മാർക്കും നക്ഷത്രങ്ങൾക്കും ഋതുഭേതങ്ങൾക്കും ഒരു നിശ്ചിത ക്രമവും വേഗവുമുണ്ട്. അതിന് ഭംഗമോ അന്തരമോ വരുത്താൻ ഒരു ശക്തിക്കും നേട്ടത്തിനും ആവുമായിരുന്നില്ല. ഇതാണ് അപൂർവ്വതകളുടെ അപൂർവ്വത.

സമകാലീനരെ ആശ്ചര്യപ്പെടുത്തുന്നതായിരുന്നു എക്കാലവും അദ്ദേഹത്തിലെ നിസ്സംഗതാഭാവം. ജീവിതത്തിന്റെയും പെരുമാറ്റത്തിന്റെയും ഗതിവേഗത്തെ, കുതിരയെ കടിഞ്ഞാൺ കൊണ്ടെന്നപോലെ നിർബന്ധപൂർവ്വം നിയന്ത്രിച്ചിരുന്നു. സ്ഥാനങ്ങൾക്കുള്ള കാംക്ഷയാൽ വലയാതെ അനുസരണത്തിലും മൗനത്തിലും സ്വയനിഗ്രഹത്തിലും പരിത്യാഗത്തിലും 'വളരാൻ' എത്രപേർ ഇന്നുണ്ടാകും? ഈ തലമുറയിൽ ദിദിമോസ് ബാവായ്ക്കു തുല്യനായി അദ്ദേഹത്തെ മാത്രമെ കാണുന്നുള്ളൂ. സിംഹാസനത്തിന്റെ പകിട്ടൊന്നും അദ്ദേഹത്തിന്റെ മസ്തിഷ്കത്തെ തൊട്ടുതീണ്ടിയിട്ടില്ല! മറിച്ച്, മൗനമെന്ന വാല്മീകത്തിൽ അഗ്നി ഒളിപ്പിക്കുന്ന, മനംനൊന്ത പ്രാർത്ഥനയ്ക്ക് ഫലമുണ്ടാകുമെന്ന് അദ്ദേഹം എത്രയോ തവണ തെളിയിച്ചിരിക്കുന്നു!

മഹാഭാഗ്യവാനാണ് ഈ മാമുനി. ഉത്തമനായ ഒരു ഗുരുവിനെ ലഭിക്കുന്നതു ഭാഗ്യമാണെങ്കിൽ, ഈ പിതാവിന്റെ സുകൃതം തനിക്ക് മൂന്ന് ഗുരുക്കന്മാർ ഉണ്ടായിരുന്നു എന്നതാണ്. പ. കല്ലാച്ചേരിൽ ബാവായുടെ ജീവിതവിശുദ്ധി, പ. ഔഗേൻബാവായുടെ വിനയവും മൗനവും, മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സന്യാസനിഷ്ഠയും, ത്യാഗമനോഭാവവും വാത്സല്യവും നമ്മുടെ കഥാപുരുഷനെ ഹഠാദാകർഷിച്ചിരുന്നു. ഈ പിതാക്കന്മാരുടെ പ്രത്യേകഗുണങ്ങളിൽ പലതും പ. ദിദിമോസ് ബാവായിൽ പ്രകടമായിക്കാണാം. ഇത്തരം പശ്ചാത്തലത്തിൽ വളരുന്നവർ യാഥാസ്ഥിതികരായിരിക്കുമെന്നാണ് സാമാന്യജനം കരുതുക. ആത്മികതയുടെ 'നിത്യയാഥാസ്തിക'നായിരിക്കെത്തന്നെ, ആധുനിക വിചാരധാരകളെ അപഗ്രഥിച്ചു പഠിക്കാനും യോഗ്യമായതിനെ സ്വാംശീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. പ. ദിദിമോസ് പ്രഥമൻ ബാവാ സന്ന്യാസത്തിനടുത്ത ശിക്ഷണത്തിന്റെയും അതിന്റെ പൊരുളായ ത്യാഗത്തിന്റെയും സുന്ദര ഇതിഹാസമാണ്. ഉലയിൽ കാച്ചിയെടുത്ത പൊന്നുപോലെ, പരിത്യാഗത്തിന്റെ കൊടുംതീയിൽ ശുദ്ധിവരുത്തിയ തങ്കമാണിത്.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത** ■

## എഡിറ്റോറിയൽ

# അച്ചടക്കം ദൈവസന്നിധിയിൽ

അടുത്ത ഒരു ദിവസം ഒരു പ്രസംഗം കേൾക്കാനിടയായി. നാട്ടിൻപുറത്തുള്ള ഒരു പള്ളിയിലെ വിശേഷം. നാട്ടിലെ പ്രമാണിമാരെന്നു ധരിച്ചിരിക്കുന്ന ചില ഇടവകാംഗങ്ങളുടെ പെരുമാറ്റത്തെക്കുറിച്ചായിരുന്നു ആ വൈദികന്റെ പ്രസംഗം. ഒരു കൈയ്യിൽ ഒരു മൊബൈൽ ഫോൺ, മറ്റെ കൈ കൊണ്ട് ഉടുത്തിരിക്കുന്ന ഡബിൾ മുണ്ടിന്റെ പുറകറ്റം പൊക്കിപ്പിടിച്ചുകൊണ്ടുള്ള നിൽപ്. കണ്ടാൽ തോന്നും എങ്ങോ പോകും വഴി, ഒരു മിനിട്ട് പള്ളിയിൽ സ്തുതിപാടലുകൾ സ്വീകരിക്കാനിരിക്കുന്ന ദൈവത്തെ ഒന്നു കണ്ടിട്ട് പോകാൻ കയറിയതാണെന്ന്. പള്ളി ആരാധനകളിൽ സംബന്ധിക്കുമ്പോൾ ഇങ്ങനെയാകരുത് നമ്മുടെ പെരുമാറ്റമെന്നായിരുന്നു ആ വൈദികൻ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചത്.

നമ്മുടെ കത്തീഡ്രലിലെ അച്ചടക്കത്തെക്കുറിച്ച് മലങ്കരയാകെ നല്ലതു പറയുമ്പോൾ, ഈ അച്ചടക്കം നിലനിർത്തുവാനുള്ള നമ്മുടെ ഉത്തരവാദിത്വം ഏറിവരികയാണ്. അച്ചടക്കത്തോടെ വരിവരിയായുള്ള നിൽപും, എല്ലാവരും ഒരുമിച്ച് പ്രതിവാക്യം ചൊല്ലുന്നതും, കൈമുത്തു സമയത്തു പോലും നിരയായുള്ള നീക്കവും മറ്റും. പുറത്തുള്ള ഇടവകകളിൽ നിന്നു വന്ന് നമ്മുടെ ആരാധനയിൽ സംബന്ധിക്കുന്നവർ അവരുടെ ഇടവകകളിൽ ചെന്നു നമ്മുടെ അച്ചടക്കത്തെക്കുറിച്ച് പറയാറുള്ളതു കൊണ്ടാണ് ഇങ്ങിനെയൊരു പേരുണ്ടായത്. അതിന് കാരണക്കാരായ വൈദികരും, അയ്മേനികളും ഉണ്ടായിരുന്നത് ദൈവഹിതം. സിറ്റിയിലുള്ള ഒരു പള്ളിയിൽ പുതിയതായി വന്ന വൈദികൻ ആളുകളെ നിരനിരയായി നിർത്തുവാൻ ഒരു ശ്രമം നടത്തിയതിനെക്കുറിച്ച് പറയുന്നതു കേട്ടു. ലൈനിൽ നിൽക്കുവാൻ കയറ്റുപായിൽ വരയിടുന്നതിനെക്കുറിച്ചു കമ്മറ്റിക്കാർ പറഞ്ഞപ്പോൾ വൈദികന്റെ മറുപടി: "സെന്റ് മേരീസ് കത്തീഡ്രലിൽ ആളുകൾ നിൽക്കുന്നത് എങ്ങിനെയെന്ന് കണ്ടു പഠിക്കണ"മെന്നായിരുന്നു. അതിന് മനസ്സുണ്ടായാൽ മതി, നിലത്തു വരയുണ്ടെങ്കിലും മനസ്സില്ലെങ്കിൽ അതിൽ നിൽക്കയില്ലല്ലോ എന്നും വൈദികൻ കൂട്ടിച്ചേർത്തു.

കുറെ വർഷങ്ങൾക്കു മുമ്പ്, പള്ളിയിൽ കുർബ്ബാനയിൽ സംബന്ധിക്കുന്നവർ ചില അവസരങ്ങളിൽ കൈകൂപ്പി നിൽക്കാറുണ്ടായിരുന്നു. കുർബ്ബാനയുടെ ഏറ്റവും പ്രാധാന്യമുള്ള യേശുക്രിസ്തുവിന്റെ ശരീര രക്തങ്ങൾ വഹിക്കുന്ന കാസായും, പീലാസായും എഴുന്നെള്ളിച്ച് പടിഞ്ഞാറോട്ട് വൈദികൻ വരുന്ന സമയത്തെങ്കിലും കൈകൂപ്പി നിൽക്കുവാൻ നമുക്ക് ശ്രദ്ധിക്കരുതോ?

കുറേ നാളുകളായി വൈദികർ അച്ചടക്കത്തെക്കുറിച്ച് പറയാനിടവരുന്നത്, നമ്മുടെ ഇടവകാംഗങ്ങളല്ലാതെ കുർബ്ബാനയിൽ സംബന്ധിക്കുവാൻ വരുന്നവർ കേൾക്കാനിടയാകുന്നത് നല്ലതല്ലല്ലോ. ഇതിന് നാമാണ് ഉത്തരവാദികൾ എന്ന് മനസ്സിലാക്കി പെരുമാറേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ വശത്ത് കൂടുതലായുള്ള ഈ അച്ചടക്കലംഘനത്തിനു കാരണം പുറമെ നിന്നുള്ളവരായിരിക്കാം. അവരെകൂടെ നിയന്ത്രിക്കേണ്ടത് പ്രായം ചെന്ന ഇടവകാംഗങ്ങളാണ്. അഞ്ചോ, പത്തോ മിനിട്ട് പള്ളിയിലുള്ള താമസം കൊണ്ട് നമ്മുടെ ജീവിതത്തിൽ ഒരു അനിഷ്ഠ സംഭവങ്ങളും ഉണ്ടാകാൻ പോകുന്നില്ല. മറിച്ച് ഉണ്ടാകാവുന്ന പ്രതിസന്ധികൾ മാറിപ്പോകുമെന്ന് ധരിക്കുകയാണ് വേണ്ടത്.

നമ്മുടെ കുഞ്ഞുങ്ങൾ നമ്മിൽ നിന്ന് വളരെ കുറച്ചു കാര്യങ്ങളെ പഠിക്കുന്നുള്ളു. അറിവുകളുടെ ഭണ്ഡാകാരമായ ഇന്റെർനെറ്റും മറ്റുമാണല്ലോ അവരുടെ വിജ്ഞാന കോശം. നാം ചെയ്യുന്ന ചെറിയ നല്ല കാര്യങ്ങൾ കണ്ടു പഠിച്ച് അവർ വളരട്ടെ! ■

## വിശേഷ ദിവസങ്ങൾ

**ജൂൺ**

| | |
|---|---|
| 13 വെള്ളി | സ്വർണ്ണ വെള്ളിയാഴ്ച |
| 16 തിങ്കൾ | ശ്ലീഹാ നോമ്പാരംഭം |
| 29 ഞായർ | ശ്ലീഹാ നോമ്പുവീടൽ, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ |
| 30 തിങ്കൾ | പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ |

**ജൂലൈ**

3 വ്യാഴം വി. മാർത്തോമാശ്ലീഹയുടെ ഓർമ്മ

## വികാരിയുടെ കത്ത്

# നവീകരിക്കുന്ന പാവനാത്മാവ്



**ഫാ. പി. ഐ. വർഗ്ഗീസ്**

ഇന്ന് അനേകംപേർ ആത്മാവിനാൽ അഭിഷിക്തരാകുന്നു. തൽഫലമായി അതുവരെ 'ലാ ഇലാ ഇൽ അല്ലാഹു അക്ബർ' എന്ന് മാത്രം ഉരുവിട്ടിരുന്ന ഇസ്ലാം മതപുരോഹിതന്റെ നാവിൽ നിന്നു പോലും 'യേശുവേ, നാഥാ അങ്ങയെ ഞാൻ ആരാധിക്കുന്നു സ്തുതിക്കുന്നു, ജീവനുമെന്റെ സർവ്വസ്വവും മുമ്പിലണച്ച് കുമ്പിടുന്നു' എന്ന സ്തുതിഗീതം ഉയരുന്നു. 'ബുദ്ധം ശരണം ഗച്ഛാമി' എന്ന് പറഞ്ഞിരുന്ന ബുദ്ധഭിക്ഷുവിന്റെ നാവിൽ നിന്നു പോലും ഹല്ലേലുയ്യ ഗീതങ്ങൾ ഒഴുകിയിറങ്ങുന്നു. അന്നു വരെ 'ഹരെ റാം ഹരെ കൃഷ്ണ' എന്നു മാത്രം ഉച്ചരിച്ചിരുന്ന ഹൈന്ദവപൂജാരിയുടെ അധരങ്ങൾ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന നിസ്തുലമായ പ്രാർത്ഥനയുടെ ഉറവിടമായി മാറുന്നു. എന്തുകൊണ്ടാണ് കടുത്ത ഭീഷണിക്കു മുമ്പിൽ പോലും അനേകർ യേശുവിനു വേണ്ടി സ്വന്തം ജീവൻ നൽകുന്നത്. ക്രൂരമായ മർദ്ദനങ്ങൾക്കും, പീഢനങ്ങൾക്കും ഇരയാകുന്നത്. അത്ഭുതാവഹമായ ഈ ശക്തിയും, ധൈര്യവും എവിടെ നിന്നു വരുന്നു. ഒരു സംശയവും വേണ്ട, ഒറ്റ വാക്കിൽ ഉത്തരമുണ്ട്. 'പരിശുദ്ധാത്മാവിൽ നിന്ന്'.

പരിശുദ്ധാത്മാവിന്റെ ആവാസത്തോടുകൂടി പ്രകാശത്തിൽ ഇരുട്ട് അദൃശ്യമാകുന്നതു പോലെ ഭയം മാറുന്നു. ധൈര്യം വന്നു ചേരുന്നു. ധീരത അഥവാ നിർഭയത്വം എന്നത് മാനുഷീകഗുണങ്ങളിൽ അതിശ്രേഷ്ഠമാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രിയും യുദ്ധതന്ത്രജ്ഞനുമായിരുന്ന സർ വിൻസ്റ്റൻ ചർച്ചിൽ ഒരിക്കൽ പറയുകയുണ്ടായി, മാനുഷീക ഗുണങ്ങളിൽ ഒന്നാം സ്ഥാനം ധീരതയ്ക്കാണ്. കാരണം മറ്റെല്ലാ ഗുണങ്ങൾക്കും അതാതു ഗുണങ്ങളായി നിലനിൽക്കുവാൻ ഉറപ്പേകുന്നത് ധീരതയാണ്. ഈ പരമാർത്ഥം കർത്താവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ സുവ്യക്തമാണ്. പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകുന്നതു വരെ പത്രോസും കൂട്ടുകാരും ഭീരുക്കളായിരുന്നു. യേശുവിന്റെ മരണം അവരെ തകർത്തു തരിപ്പണമാക്കിയിരുന്നു. അതു വരേയും മണവാളനായ യേശുവിന്റെ കൂടെ ഉത്സവലഹരിയിൽ കഴിഞ്ഞിരുന്ന ശിഷ്യർക്ക് യേശുവിന്റെ തിരോധാനം ഓർക്കാപ്പുറത്തുള്ള ഒരടിയായിരുന്നു. തുടർന്ന് യഹൂദന്മാരെ ഭയന്ന് വാതിലുകൾ അടച്ച് ഭയവിഹ്വലരായിരുന്ന ശിഷ്യന്മാർ യറുശേലേം ദേവാലയത്തിനു മുമ്പിലും പൊതു നിരത്തുകളിലും, തങ്ങൾ നസ്രായനായ യേശുവിന്റെ ശിഷ്യന്മാരെന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുവാൻ ശക്തന്മാരായി കാണപ്പെട്ടത് ആരുടെ പ്രവർത്തനം മൂലമാണ്? ഉത്തരം ഒറ്റവാക്കിലുണ്ട്. പരിശുദ്ധാത്മാവിനാൽ.

പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ സമ്പൂർണ്ണമായ മാറ്റത്തിന് അഥവാ പുതുക്കത്തിന് ശിഷ്യന്മാരെല്ലാവരും വിധേയരാകുന്നു. പത്രോസ് ആരെയും സൗഖ്യമാക്കുകയോ, മരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവരികയോ ചെയ്തതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പരിശുദ്ധാത്മശക്തി പത്രോസിനു ലഭിച്ചുകഴിഞ്ഞപ്പോൾ അവൻ യോപ്പയിലെ തബീഥ എന്ന സ്ത്രീയെ മരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവന്നു. (അപ്പോ.പ്ര.9:41–42). സുന്ദരം എന്ന ദേവാലയനടയിൽ ഇരുന്ന മുടന്തനെ സൗഖ്യമാക്കി(അപ്പോ. പ്ര. 3:7–10). കൂടാതെ മറ്റനേകം അത്ഭുതപ്രവർത്തികളും ചെയ്തു. യഹൂദമതമേധാവികളും, പുരോഹിതന്മാരും, സദൂക്യരും, പരീശന്മാരും ചേർന്ന നേതൃസംഘത്തിന്റെ ഭീഷണിക്ക് വഴങ്ങാതെ, ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത സംഗതികൾ പറയാതിരിക്കുവാൻ ഞങ്ങൾക്ക് കഴിയുകയില്ല എന്ന വാക്കുകളിലൂടെ അപ്പോസ്തോല സമൂഹത്തിന് നിർഭയത്വത്തിന്റെ നാവിനെ നൽകിയത് ആര് എന്നതിന് വീണ്ടും ഒറ്റവാക്കിൽ ഉത്തരമുണ്ട്, പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. ദൈവാത്മാവിന്റെ ആവാസത്തെപ്പറ്റി യോഹന്നാൻശ്ലീഹ പറയുന്നു, ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനെ നിങ്ങൾക്കു തരും (യോഹ.14:16). സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും(യോഹ 16:13). പരിശുദ്ധാത്മാവ് വരുത്തുന്ന മാറ്റങ്ങൾ സംബന്ധിച്ച് യോവേൽ പ്രവചനം ഇപ്രകാരം പറയുന്നു– അന്നാളിൽ ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രികളും പ്രവചിക്കും. നിങ്ങളുടെ വൃദ്ധമാർ സ്വപ്നങ്ങൾ കാണും, നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങൾ ദർശിക്കും. ദാസീദാസന്മാരുടെ മേലും ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും(യോവേൽ 2:28). ഈ പ്രവചനം ഇന്നും സാർത്ഥകമായിക്കൊണ്ടിരിക്കുന്നു. ആത്മാവിനെ പ്രാപിച്ചിട്ടുള്ളവരാണ് നാം. ലഭിച്ചിരിക്കുന്ന ആത്മാവിനെ നമ്മുടെ ജീവിതം കൊണ്ട് പ്രോജ്ജ്വലമാക്കുവാനുള്ള ഉത്തരവാദിത്വമാണ് തിരിച്ചറിയേണ്ടത്. പെന്തിക്കൊസ്തി പെരുന്നാൾ ഈ തിരിച്ചറിവിനും പുതുക്കത്തിനും ഇട നൽകട്ടെ. ■





## പത്തനാപുരം മൗണ്ട് താബോർ ദയറായിൽ പ. വലിയ ബാവായുടെ കബറടക്ക ശുശ്രൂഷയിൽ നിന്ന്





## സംയുക്ത ഓർമ്മപ്പെരുന്നാൾ സീയോൻ സെമിനാരിയിൽ





കൊച്ചി മെത്രാസനത്തിലെ മുൻ മെത്രാപ്പോലീത്തന്മാരായ അഭി. ശെമവൂൻ മാർ ദീവന്നാസിയോസ്, അഭി. പൗലോസ് മാർ സേവേറിയോസ്, അഭി. യൂഹാനോൻ മാർ സേവേറിയോസ്, അഭി. യാക്കോബ് മാർ പോളികാർപ്പോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ സംയുക്തമായും, നവീകരിച്ച കുരിശിൻതൊട്ടിയുടെ കൂദാശയും 2014 മെയ് മാസം 16, 17 (വെള്ളി, ശനി) തീയതികളിൽ കൊരട്ടി സീയോൻ സെമിനാരിയിൽ നടന്നു. പെരുന്നാളിന് നിരണം മെത്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അങ്കമാലി മെത്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്, ഇടവക മെത്രാപ്പോലീത്ത അഭി. യാക്കോബ് മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ നേതൃത്വം നൽകി.

## കുടുംബ വിശേഷങ്ങൾ

### മർത്തമറിയം വനിതാ സമാജം

01–05–2014 ൽ തേവര സെന്റ് തോമസ് പള്ളിയിൽ നടന്ന തെക്കൻ മേഖല മത്സരങ്ങളിൽ കത്തീഡ്രൽ മർത്തമറിയം വനിതാ സമാജം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**Juniors** 1. **Christina Mariam Chacko:** *Single Song- **I Prize**, Elocution- **II Prize**, Verses Writing-**I Prize**, Bible Reference- **I Prize**, Group Song-**I Prize***
2. **Sona Ullas** :*Single Song - **II Prize**, Elocution - **III Prize**, Group Song- **I Prize*** 3. **Cymple Simon**: *Group Song - **I Prize***

**Seniors** 1. **Mariamma Chacko**: *Bible Reference- **II Prize***

**Super Seniors** 1. **Molly Koshy**: *Elocution - **II Prize, Quiz- III Prize*** 2. **Maggi James**: *Quiz- **III Prize*** 3. **Elsy Job**: *Single Song - **III Prize***
4. **Sarasu Joseph:** *Elocution- **III Prize*** 5. **Susan John**: *Quiz - **III Prize**, Verses Writing- **II Prize**, Bible Reference- **II Prize***

### St. Mary's Orthodox Cathedral Managing Committe 2014-15

| | | | | | |
|---|---|---|---|---|---|
| **Rev. Fr. P.I. Varghese** | -9447364119 | **Elias P. Varghese** | -9447133956 | **Annie Philipose** | -9447180876 |
| **Rev. Fr. O.J. Jacob** | -9447217956 | **C.K. Thomas** | -9633338973 | **V.M.Mathew** | -9447305577 |
| **Rev. Fr. Alex P. George** | -9495036433 | **Charly Simon P.** | -9446489430 | **M.G. Thankachan** | -9447031812 |
| **Prince Chandy**-Trustee : | -9446388119 | **Anil Koshy** | -9446546449 | **Jomy George** | -9495231365 |
| **V.N. Philipose** - Secretary | -9446032614 | **Sunny John** | -9446930660 | **Joseph M. Alias** | -9947471252 |
| **Cherian Thomas** | -8089115078 | **Maya Mathew** | -8606128800 | Auditors: **G.Mathew** | -9446607794 |
| **Daniel Oommen** | -9446396033 | | | **Abraham Olickal** | -9846644266 |

## മാമോദീസ

കടവന്ത്ര കുഞ്ഞുവീട്ടിൽ ശ്രീ. ഷിബു പോളിന്റെയും ശ്രീമതി ബിന്ദു ഷിബുവിന്റെയും മകൾ **മറിയം**(ക്രിസ്റ്റിന മരിയ ഷിബു) 04.05.2014 –ൽ മാമോദീസാ സ്വീകരിച്ചു.

എറണാകുളം തൈക്കടവിൽ ശ്രീ ദീപക് കുര്യൻ ജോഷ്വായുടെയും ശ്രീമതി ദിവ്യ എലിസബത്ത് ഈശോയുടെയും മകൻ **ജേക്കബ്** (ജേക്കബ് കെ. ജോഷ്വ) 04.05.2014–ൽ നിരണം പള്ളിയിൽ മാമോദീസാ സ്വീകരിച്ചു.

തിരുവാങ്കുളം നീറാമങ്കൽ ശ്രീ. ജറിഷ് കെ. മാത്യുവിന്റെയും ശ്രീമതി ജിൻസി ജോണിന്റെയും മകൻ **യോഹന്നാൻ** 04.05.2014–ൽ കരിങ്ങാച്ചിറ പള്ളിയിൽ മാമോദീസാ സ്വീകരിച്ചു.

അയ്യപ്പൻകാവ് മഠത്തിവീട്ടിൽകണ്ടത്തിൽ ശ്രീ. ജറി ജേക്കബിന്റെയും ശ്രീമതി ജിനി മേരി ജെയ്സന്റെയും മകൾ **റേച്ചൽ**(Joan Rachel Jacob) 01.06.2014–ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## വിവാഹം

നെട്ടൂർ പാറപ്പുറം ശ്രീ. സജി ചെറിയാന്റെയും ശ്രീമതി സൂസൻ സജിയുടെയും മകൻ **ചെറിയാനും** കലൂർ വാരികാട്ട് ശ്രീ. ജോണി ഇമ്മാനുവലിന്റെയും ശ്രീമതി ജസ്സി ജോണിയുടെയും മകൾ **ഗീത**യും തമ്മിലുള്ള വിവാഹം 4.05.2014–ൽ കത്തീഡ്രലിൽ നടന്നു.

എളമക്കര ക്രിസ് വില്ലയിൽ പരേതനായ ശ്രീ. ജി. ബാബുവിന്റെയും ശ്രീമതി മറിയാമ്മ ബാബുവിന്റെയും മകൻ **ക്രിസ്റ്റോ ബാബു**വും പോണ്ടിച്ചരി കണ്ണയ്യാർ സ്ട്രീറ്റ് **സാറാ രമ്യ**യും തമ്മിലുള്ള വിവാഹം 5.05.2014–ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*



നമ്മുടെ ഇടവകാംഗമായ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും ശ്രീമതി മറിയാമ്മ ചാക്കോയുടെയും മകൻ **സിറിൽ ഫിലിപ്പ് ചാക്കോ** അഖില കേരള ബാലജനസഖ്യത്തിന്റെ എറണാകുളം മേഖലാ ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടുകയും ചെയ്തു.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*